**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4612** **25.06.2019 -ൽ മറുപടിയ്ക്ക്**

**ഗൃഹശ്രീ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ : | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | മുൻ യുഡിഎഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭവന നിർമ്മാണ ബോർഡ് മുഖേന വിജയകരമായി നടപ്പിലാക്കി വന്ന ഗൃഹശ്രീ പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഗൃഹശ്രീ പദ്ധതി പ്രകാരം ഇതുവരെ (30/04/2019 വരെ) 3018 വീടുകൾ നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഇനി എത്ര അപേക്ഷകൾ ഉണ്ട്; 2019-20 കാലയളവിൽ സബ്സിഡിക്കായി എത്ര തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദവിവരം നല്കുമോ; | (ബി) | ഈ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി 3450 വീടുകൾക്കായി കാരുണ്യവാന്മാരായ വ്യക്തി/ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 32.36 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിലെ സബ്സിഡി തുക 2 ലക്ഷത്തിൽ നിന്നും ഉയർത്തി 4 ലക്ഷം രൂപയാക്കാനും ആകെ തുക 6 ലക്ഷം രൂപയായി ഉയർത്തുന്നതിനും ഉദ്ദേശമുണ്ടോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

Subha

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഗൃഹശ്രീ പദ്ധതി പ്രകാരം ഇതുവരെ (30/04/2019 വരെ) 3018 വീടുകൾ നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 578 |
| 2 | കൊല്ലം | 319 |
| 3 | ആലപ്പുഴ | 319 |
| 4 | പത്തനംതിട്ട | 70 |
| 5 | കോട്ടയം | 224 |
| 6 | ഇടുക്കി | 210 |
| 7 | എറണാകുളം | 131 |
| 8 | തൃശ്ശൂർ | 19 |
| 9 | പാലക്കാട് | 512 |
| 10 | മലപ്പുറം | 255 |
| 11 | കോഴിക്കോട് | 145 |
| 12 | വയനാട് | 61 |
| 13 | കണ്ണൂർ | 105 |
| 14 | കാസർഗോഡ് | 70 |
| | **ആകെ** | **3018** |